# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5

04.02.2013ലെ
മറുപടി

**എമർജിംഗ് കേരളയിലെ നിയമതടസ്സമില്ലാത്ത പദ്ധതികൾ**

| ചോദ്യം<br>ശ്രീ. എം.ഹംസ | *ഉത്തരം*<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) എമർജിംഗ് കേരളയിലെ നിയമതടസ്സമില്ലാത്ത പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | എ) എമർജിംഗ് കേരളയിൽ ലഭിച്ച പദ്ധതികളുടെ പരിശോധനയ്ക്കും ഇവയുടെ പ്രൊമോട്ടർമാരുമായിട്ടുള്ള കൂടിയാലോചനകൾക്കും ശേഷം പദ്ധതികൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുത്തിരിക്കുകയാണ്.<br>ഇപ്രകാരം അയച്ചുകൊടുത്ത പദ്ധതികളുടെ വിശദമായ പരിശോധനകളും തുടർനടപടികളും, ബന്ധപ്പെട്ട വകുപ്പുകൾ ചെയ്തു വരുന്നു. |
| (ബി) പ്രസ്തുത പദ്ധതികൾ എത്ര ദിവസത്തിനകം വ്യക്തമാക്കുമെന്നാണ് മുഖ്യമന്ത്രി അറിയിച്ചിരുന്നത്; | ബി) പ്രാഥമിക പരിശോധനയ്ക്കുശേഷം നിയമതടസ്സങ്ങളില്ലാത്ത പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സമയം നൽകിയിട്ടുണ്ട്. ഉറപ്പായ പദ്ധതി നിർദ്ദേശങ്ങളിൽ മൂന്നുമാസത്തിനുള്ളിൽ തീരുമാനമെടുക്കുമെന്നാണ് മുഖ്യമന്ത്രി അറിയിച്ചിട്ടുള്ളത്. |

(സി) പ്രസ്തുത കാലയളവിനുള്ളിൽ ഇത്തരത്തിലുള്ള ഏതെങ്കിലും പദ്ധതികൾ സംബന്ധിച്ച് തീരുമാനമോ പ്രഖ്യാപനമോ ഉണ്ടായിട്ടുണ്ടോ;

സി) ഉണ്ട്. എമർജിംഗ് കേരളയിൽ വന്ന ഏറ്റവും ശ്രദ്ധേയമായ ഒരു പദ്ധതിയാണ് ബി.പി.സി.എല്ലിന്റെ കൊച്ചിൻ റിഫൈനറി വികസനപദ്ധതി. ഈ പദ്ധതിയുടെ ശിലാസ്ഥാപന കർമ്മം ജനുവരി 7ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രി നിർവ്വഹിക്കുകയുണ്ടായി.ഇതിനോടൊപ്പം തന്നെ ദക്ഷിണ കൊറിയയിലെ എൽ.ജി.കമ്പനിയുമായി ചേർന്ന് ബി.പി.സി.എൽ ഒരു പെട്രോകെമിക്കൽ സംയുക്ത പദ്ധതിയ്ക്കും ധാരണയായിട്ടുണ്ട്. കൊച്ചിയിലെ അമ്പലമുകളിലായിരിക്കും ഈ പദ്ധതിയും വരുന്നത്. പ്രസ്തുത പദ്ധതികളിൽ നിന്നു മാത്രം 20,000 കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്.

(ഡി) പറഞ്ഞ കാലയളവിനുള്ളിൽ അവ പ്രഖ്യാപിക്കാൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഡി) കാലതാമസം ഉണ്ടായിട്ടില്ല.

**സെക്ഷൻ ഓഫീസർ**